ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) നഗരസ്വഭാവം ആർജ്ജിച്ചിട്ടുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് പുതുതായി നഗരസഭകൾ രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

മാവേലിക്കര മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ പദ്ധതികൾ

75 (7372) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മുനിസിപ്പാലിറ്റിയിൽ നഗരകാര്യവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014-15-ൽ മാവേലിക്കരയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 2011-12 വർഷത്തിൽ ജനറൽ വിഭാഗത്തിൽ 46 പദ്ധതികളും എസ്.സി.പി. വിഭാഗത്തിൽ 15 പദ്ധതികളും ഉൾപ്പെടെ 61 പദ്ധതികളും 2012-13-ൽ ജനറൽ വിഭാഗത്തിൽ 51 പദ്ധതികളും എസ്.സി.പി. വിഭാഗത്തിൽ 9 പദ്ധതികളും ഉൾപ്പെടെ 60 പദ്ധതികളും 2013-14-ൽ ജനറൽ വിഭാഗത്തിൽ 58 പദ്ധതികളും എസ്.സി.പി. വിഭാഗത്തിൽ 7 പദ്ധതികളും ഉൾപ്പെടെ 65 പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2014-15-ലെ പദ്ധതികൾ തയ്യാറാക്കിവരികയാണ്.

കൊയിലാണ്ടിയിലെ ബസ്സ്റ്റാൻഡ് പുതുക്കിപ്പണിയുന്നതിന് പദ്ധതി

76 (7373) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിലെ പഴയ ബസ്സ്റ്റാൻഡ് നിർമ്മിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബസ്സ്റ്റാൻഡിലെ കെട്ടിടം ജീർണ്ണാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കെട്ടിടം പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(സി) പഴയ ബസ്സ്റ്റാൻഡ് പുതുക്കിപ്പണിയുന്നതിന് എന്തു തുക ചെലവ് വരും എന്നത് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly